(എഫ്) ഈ വിഷയം സംബന്ധിച്ച് നിലവിൽ പ്രൊപ്പോസലുകൾ ഒന്നുംതന്നെ നിലവിലില്ല. നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**സംസ്ഥാനത്തെ സ്വാശ്രയ നഴ്സിംഗ് കോളേജുകൾ**

114 (4400) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്വാശ്രയ നഴ്സിംഗ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്; ഇവയിൽ ആകെ എത്ര വിദ്യാർത്ഥികൾക്കാണ് പ്രവേശനം നൽകുന്നത്; ഇവരുടെ ഫീസ് ഘടന സർക്കാർ നിശ്ചയിച്ചതാണോ; അല്ലെങ്കിൽ ഇവയിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഓരോ വർഷവും എത്ര വിദ്യാർത്ഥികളാണ് പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും പഠനം പൂർത്തിയാക്കുന്നതെന്നറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ നഴ്സിംഗ് കൗൺസിൽ അംഗീകാരമുള്ള 105 സ്വാശ്രയ നഴ്സിംഗ് കോളേജുകൾ പ്രവർത്തിക്കുന്നു. ഇവിടങ്ങളിൽ എല്ലായിടത്തുമായി 5590 നഴ്സിംഗ് സീറ്റുകളുമുണ്ട്. ഇവരുടെ മെരിറ്റ് സീറ്റിലെ ഫീസ് ഘടന സർക്കാർ അംഗീകരിച്ചതാണ്.

(ബി) ഏകദേശം ഓരോ വർഷവും പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം.

പോസ്റ്റ് ബേസിക്

| | | |
|---|---|---|
| ബി.എസ്.സി. നഴ്സിംഗ് | - | 730 |
| എം.എസ്.സി. നഴ്സിംഗ് | - | 403 |
| ബി.എസ്.സി. നഴ്സിംഗ് | - | 3604 |

പുതിയ കോളേജ്/കോഴ്സുകൾ അനുവദിക്കുന്ന മുറയ്ക്ക് ഈ കണക്കിൽ മാറ്റം വരാം.

**ഹയർഗ്രേഡ് അനുവദിക്കുന്നതിന് കാലതാമസം**

115 (4401) ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ താമസക്കാരനും തിരുവനന്തപുരം ഗവ. ഡെന്റൽ കോളേജിലെ മെഡിക്കൽ ഫോട്ടോഗ്രാഫറുമായ എസ്. ഷാജിക്ക്

LIBRARY ARCHIVES Kerala Legislative Assembly